ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഡിപ്പാർട്ടുമെൻറ മുൻകാലങ്ങളിലൊക്കെ ചെയ്യുന്നതുപോലെ ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. റീ ഇൻസ്റ്റേറ ചെയ്യാൻ എന്തു വ്യവസ്ഥകളെല്ലാം അനുസരിക്കണമോ അതെല്ലാംഅനുസരിക്കേണ്ടിയിരിക്കുന്നു. അദ്ധ്യാപകന്മാരെ നിയമിക്കുന്ന കാര്യം ഫൈനാൻസുമായി ആലോചിക്കണം.അദ്ധ്യാപകന്മാരെ അവിടെ നിയമിക്കാൻ ഒഴിവുകളില്ലാത്തതുകൊണ്ട് അതു ചെയ്തില്ല

ശ്രീ. എം. കെ. കേളു : അതു സ്കൂളിൻെറ അംഗീകാരം തടയുന്നതിനെന്താണ് വിരോധം ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതേക്കുറിച്ചും ആലോചിക്കുന്നുണ്ട്.

ശ്രീ. അവുക്കാദർകുട്ടി നഹ : മുമ്പു അതു സ്കൂൾ നടത്തിയിരുന്ന മാനേജർ തന്നെയാണോ ഇപ്പോഴും നടത്തുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിൻെറ വിവരം കയ്യിലില്ല.

ശ്രീ. അവുക്കാദർകുട്ടി നഹ : സ്കൂൾമാസ്റ്ററന്മാർ അടങ്ങിയ ഒരു കമ്മിറ്റിയാണ് സ്കൂൾ നടത്തുന്നതെന്നറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അറിവില്ല. അദ്ധ്യാപകന്മാരടങ്ങിയ കമ്മിറ്റിയാണ്, പണ്ടു പിരിച്ചുവിട്ടിട്ടുള്ള അദ്ധ്യാപകന്മാരെ റീ ഇൻസ്റ്റേറ ചെയ്യണമെന്നു് അവശ്യപ്പെട്ടതു്.

ശ്രീ. അവുക്കാദർകുട്ടി നഹ : അങ്ങനെ അവർ ആവശ്യപ്പെട്ടിട്ട് എന്തുകൊണ്ടാണെടുക്കാത്തതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആവശ്യപ്പെട്ടാൽ ഉടനെ എടുക്കാൻ നിവൃത്തിയില്ല. അതിൻെറ ഫൈനാൻഷ്യൽ അസ്സെക്റ്റസ് എല്ലാം പരിശോധിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഈ പിരിച്ചുവിട്ട അദ്ധ്യാപകന്മാക്ക് വല്ല പിഴയോമറോ കൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ സർക്കാരിനു വ്യവസ്ഥയുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പണ്ടത്തെ രൂളിലില്ല. ഇനിയിപ്പോൾ അതനുസരിച്ചുള്ള നടപടിയേ ഉള്ളൂ. അതനുസരിച്ചു ചെയ്യാം.

ഇലക്ട്രിക് ലൈൻ വലിക്കുന്നതിനുവേണ്ടി വൃക്ഷങ്ങൾ വെട്ടിമാറ്റിയിട്ടുള്ളതിനു പ്രതിഫലം.

* 1750. [21] ശ്രീ. കെ. എം. ജാർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ഇലക്ട്രിക് ലൈൻ വലിക്കുന്നതിനുവേണ്ടി വൃക്ഷങ്ങളും മറ്റും വെട്ടിമാറ്റിയിട്ട് അതിനുള്ള പ്രതിഫലം കൊടുക്കുവാൻ ഒരു വർഷത്തിലധികം താമസം വന്നിട്ടുള്ള എത്ര കേസുകൾ കേരളത്തിലുണ്ട്;

(ബി) അപ്രകാരമുള്ള പ്രതിഫലം ഒരു വർഷത്തിനകം കൊടുക്കുവാൻ സാധിക്കാത്തതു് എന്തുകൊണ്ടാണ്;

(സി) തുക്കാരിയൂർ—ത്രേത്തല്ലൂർകുട്ട് ഇലക്ട്രിക് ലൈൻ വലിച്ചിട്ട് എത്ര കാലമായി;

(ഡി) ഈ ലൈൻ വലിച്ചപ്പോൾ വെട്ടിമാറ്റിയ വൃക്ഷങ്ങളുടെയും മറ്റും പ്രതിഫലം ഇതുവരെ കൂടിയാന്മാർക്ക് കൊടുക്കാത്തതു് എന്തുകൊണ്ടാണ്?

LIBRARY ARCHIVES Kerala Legislative Assembly

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) തിരുവനന്തപുരം, കൊല്ലം 1847 കേസുകളും, കോട്ടയം, ആലപ്പുഴ 1401, എറണാകുളം തൃശ്ശൂർ 1140, ബാക്കിയുള്ള പ്രദേശങ്ങളിൽ വിവരം ശേഖരിച്ചുവരികയാണു്.

(ബി) പ്രതിഫലം വാങ്ങാനുള്ള അവകാശം രേഖാമൂലം നൽകുന്നതിനു കാലവിളംബം വരുന്നതിനാലും കേസുകൾ പരിശോധിച്ചു തീരുമാനം എടുക്കുന്നതിനു വേണ്ടിവരുന്ന കാലവിളംബവുമാണു്. കാമ്പൻസേഷൻ പിന്നീടേ കൊടുക്കാൻ സാധിക്കയുള്ളു.

(സി) സുമാർ ഒരു വർഷം 3 മാസം കഴിഞ്ഞു.

(ഡി) താമസത്തിനുള്ള കാരണം രണ്ടാമത്തെ ചോദ്യത്തിനുത്തരമായി പറഞ്ഞുകഴിഞ്ഞു. ഇതു ലൈൻ സംബന്ധിച്ചു പറയുകയാണെങ്കിൽ എല്ലാ നടപടികളും ഏപ്രിൽ 9–ാംതീയതിയോടുകൂടി എടുത്തുകഴിഞ്ഞിരിക്കുന്നു. പ്രതിഫലം കൊടുക്കാനുള്ള ഏർപ്പാടു് നിയമമനുസരിച്ചു് അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥനെതന്നെ കണ്ടു് ശരിയായ നിർദ്ദേശം കൊടുത്തിരിക്കുകയാണു്; മൂന്നുമാസത്തിനുള്ളിൽ അരിയേഴ്സു് തീർക്കണമെന്നു്. അദ്ദേഹം അതു ചെയ്യാമെന്നും ഏറ്റിരിക്കുകയാണു്. ആ കൂട്ടത്തിൽ മൂന്നുമാസത്തിനുള്ളിൽ പഴക്കംചെന്നതായ കേസുകളും തീരുമാനിക്കും എന്നു വിചാരിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : ആരാണു് ഈ കാമ്പൻസേഷൻ കൊടുക്കുന്നതിനെപ്പറ്റി അവസാനമായി തീരുമാനിക്കേണ്ടതു്? അങ്ങനെ തീരുമാനിക്കുവാൻ എത്രകാലം പിടിക്കും ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : കഴിഞ്ഞകാല അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുകയാണെങ്കിൽ ചുരുങ്ങിയതു് 6 മാസമെങ്കിലും പിടിക്കും. അതു ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള നടപടികളും എടുത്തുവരികയാണു്. ലാൻഡു് അക്വിസിഷൻ ആഫീസറാണു് ഇതിനുള്ള നടപടികളും എടുക്കേണ്ടതു്. അതിലേക്കു ചിലപ്പോൾ അസിസ്റ്റൻറ് എഞ്ചിനീയറുടെ സർട്ടിഫിക്കറും ലഭിക്കേണ്ടതായുണ്ടു്. അതിനും അല്പം കാലതാമസം വന്നേക്കും. എന്നാൽ അടുത്തകാലത്തു് കാലതാമസം വരാതിരിക്കത്തക്കവണ്ണം വേണ്ട നടപടികളും എടുത്തു തുടങ്ങിയിട്ടുണ്ടു്. മൂന്നു മാസത്തിൽ കൂടുതൽ അരിയേഴ്സു വരുത്തിക്കൂടെന്നു ശവണ്മെൻറ് നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീമതി കുസുമം ജോസഫ് : തൊടുപുഴതാലൂക്കിൽ രണ്ടു കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള അരിയേഴ്സു കൊടുത്തുതീർക്കുവാൻ ഉണ്ടെന്നറിയാമോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അങ്ങനെ വന്നിരിക്കാം. ഇങ്ങനെയുള്ള പഴയ മാറാപ്പുകളെല്ലാം ഇപ്പോൾ വളരെ വേഗത്തിൽ അഴിച്ചുമാറിക്കൊണ്ടിരിക്കുകയാണു്.

Government Representatives in the Executive Committee of Tappers' Co-operative Society.

* 1751. [22] **Shri E. P. Poulose :** Will the Minister for Revenue be pleased to state:

(a) how many Government representatives are there in the executive committee of a Tappers' Co-operative Society; and

(b) what are their functions as members of these Committees?

LIBRARY ARCHIVES Kerala Legislative Assembly